**നിയമസഭാ ചട്ടം 304 പ്രകാരം ശ്രീമതി. വീണാ ജോർജ് എം.എൽ.എ യ്ക്ക് 22/01/2021 ന് സഭയിൽ ഉന്നയിക്കുവാൻ അനുമതി നൽകിയിട്ടുള്ള സബ്മിഷനുള്ള മറുപടി**

കാലഘട്ടത്തിനനുസൃതമായി ആധുനിക സർവ്വേ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി Electronic Total Station (ETS), Global Positioning System (GPS) എന്നീ ഉപകരണങ്ങൾ ഉപയോഗിച്ച് ഡിജിറ്റൽ സർവ്വെ റിക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾക്ക് സർവ്വെ വകുപ്പിൽ തുടക്കം കുറിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ പത്തനംതിട്ട വില്ലേജിന്റെ റീസർവ്വെ പ്രവർത്തനം മാത്രമാണ് നിലവിൽ തുടർന്നുവരുന്നത്. റീസർവ്വെ കൂടാതെ എൽ.ആർ.എം, ലാൻഡ് അക്വിസേഷൻ സർവ്വെ, ഫോറസ്റ്റ് സർവ്വെ, സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സർവ്വെ , പട്ടയം നൽകുന്നതിനുള്ള സർവ്വെ എന്നീ സർവ്വെ പ്രവർത്തനങ്ങൾക്കും വകുപ്പിലെ സർവ്വെ ജീവനക്കാരെയാണ് നിയോഗിച്ച് വരുന്നത്. ജീവനക്കാരെ സർക്കാരിന്റെ വികസനവുമായി ബന്ധപ്പെട്ട അടിയന്തര പ്രാധാന്യമുള്ള പ്രവർത്തനങ്ങൾക്ക് നിയമിക്കേണ്ടതായി വരുന്നതിനാൽ ജില്ലയിലെ മറ്റ് വില്ലേജുകളിലേയ്ക്ക് റീസർവ്വെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ സാധിക്കാത്ത സാഹചര്യവുമാണുള്ളത്.

10/05/2018 ലെ സ.ഉ.(എം.എസ്) നം.181/2018/റവന്യൂ ഉത്തരവ് പ്രകാരം അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും, സർവ്വെ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും, സർവ്വെ സ്കൂളിൽ നിന്ന് സർവ്വെ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വെ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായിട്ടുള്ളതനുസരിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് തുടർനടപടികൾക്കായി അറിയിപ്പ് നൽകിയിട്ടുണ്ട്.

നിലവിൽ സർവ്വെ വകുപ്പിൽ സർവ്വെ ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുന്നതിലേക്കായി ആധുനിക സർവ്വെ സാങ്കേതിക വിദ്യയായ Continuously Operating Reference Stations (CORS) നെറ്റ് വർക്ക് സംസ്ഥാനത്ത് സ്ഥാപിച്ച്, Real time kinematic (RTK) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വെ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് CORS നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനുള്ള ധാരണ പത്രം സർവ്വെ ഓഫ് ഇൻഡ്യയുമായി ഒപ്പു വച്ച് തുടർ നടപടി ആരംഭിച്ചിട്ടുണ്ട്.

പ്രസ്തുത നടപടികൾ പൂർത്തിയാക്കി വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനം കൂടുതൽ കൃത്യതയോടെയും, സമയബന്ധിതമായും പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്.

21/01/2021

21/01/2021

21/01/2021